

THURSDAY 26/02/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/02/2026

1. കാർഷിക മേഖലയിലെ പുതുമയാർന്ന ആശയങ്ങൾക്കും ഗ്രാമവികസനത്തിന് സാങ്കേതിക പിന്തുണ നൽകുന്നതിനുമായി കെ - അഗ്ടെക് ലോഞ്ച്പാഡ് സംഘടിപ്പിക്കുന്ന 'അഗ്രി റൂറൽ ഐഡിയത്തോൺ 2026' ഫെബ്രുവരി 27-ന് വെള്ളായണി കാർഷിക കോളേജിൽ നടക്കും. കൃഷിയിലും ഗ്രാമവികസനത്തിലും സാങ്കേതികവിദ്യയും പാരമ്പര്യവും സംയോജിപ്പിക്കുന്ന നവീന ആശയങ്ങൾ കണ്ടെത്തുക എന്നതാണ് ഐഡിയത്തോണിന്റെ പ്രധാന ലക്ഷ്യം. നെക്സ്റ്റ്ജെൻ അഗ്ടെക് ഇന്നൊവേഷൻസ്, കമ്മ്യൂണിറ്റി-സെന്റ്റിക് റൂറൽ സൊല്യൂഷൻസ്, ക്ലൈമറ്റ് ആക്ഷൻ ഫോർ ഫാംസ് ആൻഡ് വില്ലേജസ് എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ചായിരിക്കും പരിപാടി. പങ്കെടുക്കുന്നവർക്ക് അവരുടെ ആശയങ്ങൾ വിദഗ്ധർക്ക് മുന്നിൽ അവതരിപ്പിക്കാനും മാർഗനിർദേശം നേടാനും അവസരം ലഭിക്കും. മികച്ച ആശയങ്ങൾ അവതരിപ്പിക്കുന്ന മൂന്ന് ടീമുകൾക്ക് സ്റ്റാർട്ടപ്പ് ഇൻകുബേഷൻ പിന്തുണ നൽകും. കൂടാതെ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം ₹10,000, ₹7,500, ₹5,000

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ വീതം പാരിതോഷികവും നൽകും. കോളേജ് വിദ്യാർത്ഥികൾക്കും 45വയസ്സിന് താഴെയുള്ള യുവതി-യുവാക്കൾക്കും പങ്കെടുക്കാം. വിശദ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9995624888.താൽപര്യമുള്ളവർhttps://www.kagtechlaunchpad.com/#ideathon-2026 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസറുടെ ആസ്ഥാനമായ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന് 2026 വർഷത്തിൽ ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് എന്ന അഞ്ചു മാസം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സിനു അപേക്ഷ ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ പൂവനും പിടയുമായി തരം തിരിയ്ക്കുന്ന ജാപ്പനീസ് വെന്റ് സെക്സിങ് രീതിയിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നതാണ് ഈ കോഴ്സ്. അപേക്ഷകർ 01.01.2026 ന് 25 വയസ്സ് കവിയാത്തവരും 18 വയസ്സ് പൂർത്തിയായവരും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത പാസ്സായവരും, കൈവിരലുകൾക്ക് അംഗവൈകല്യം ഇല്ലാത്തവരും, കണ്ണട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉപയോഗിക്കാതെ നല്ല കാഴ്ചശക്തി ഉള്ളവരും ആയിരിക്കണം (മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാണ്). പരിശീലന ഫീസ് 500/- രൂപ. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഫീസ് നൽകേണ്ടതില്ല. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 27.02.2026. നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ, മൃഗസംരക്ഷണ പരിശീലന കേന്ദ്രം, കുടപ്പനക്കുന്ന് പി.ഒ. തിരുവനന്തപുരം 695043, Email – ptotvm.ahd@kerala.gov.in എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷഫാറത്തിന്റെ മാതൃക മൃഗസംരക്ഷണ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. നേരിട്ടുള്ള അഭിമുഖത്തിലൂടെ 12 വിദ്യാർത്ഥികളെയായിരിക്കും തെരഞ്ഞെടുക്കുന്നത്. യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാത്തതും അപൂർണ്ണമായതും 27.02.26 ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2732918.

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

3. വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിലെ ഫലവർഗ്ഗ വിഭാഗത്തിന്റെ കീഴിൽ, ആഞ്ഞിലി ചക്കയുടെ (അയനി ചക്ക) ഗുണമേന്മയും വ്യാവസായിക അടിസ്ഥാനത്തിലുള്ള സാധ്യതകളെയും കുറിച്ചുള്ള ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ പുരയിടങ്ങളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ആഞ്ഞിലി (അയനി) മരങ്ങളുടെ ചക്കയുടെ ഗുണമേന്മ സംബന്ധിച്ചിട്ടുള്ള പഠനമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. അത്തരം ആഞ്ഞിലി മരങ്ങൾ വളർത്തുന്ന കർഷകർ 9995155346 എന്ന ഫോൺ നമ്പർ / വാട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 10 ദിവസം ദൈർഘ്യമുള്ള ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപണികൾ, സർവ്വീസിംഗ് എന്നീ വിഷയത്തിലുള്ള ട്രെയിനിങ് കോഴ്സ് 06.03.2026– ന് ആരംഭിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാനായി താല്പര്യമുള്ളവർ മാർച്ച് 2 –ആം തിയ്യതിക്കകം 9446370726 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ചക്കയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ" എന്ന വിഷയത്തിൽ 2026 ഫെബ്രുവരി 27ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോണ് നമ്പറിൽ രാവിലെ 10 മണി മുതല് വൈകിട്ട് 4 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം